QP CODE: 19102161

19102161

Reg No : ....................

Name : ....................

UNDERGRADUATE (CBCS) EXAMINATION, OCTOBER 2019

Third Semester

ADDITIONAL LANGUAGE - MALAYALAM - ML3CCT03 - മലയാളം - ദൃശ്യകലാ സാഹിത്യം

(Common for Model I BA/B.Sc Programmes

2017 Admission onwards

6D6194B8

Maximum Marks: 80 Time: 3 Hours

**പാർട്ട് എ**

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.*

1. ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ള പ്രധാന നാടകങ്ങൾ ഏതെല്ലാം ?
2. "ആകേക്കൂടി കാമൻ ഇപ്പോൾ തൃപ്തി കൊള്ളട്ടെ"- വിവക്ഷിതമെന്ത്?
3. ബലരാമൻറെ അരികിലേക്കു വരുന്ന ദുര്യോധനനെ എങ്ങനെയാണ് ഭാസൻ വർണ്ണിച്ചിരിക്കുന്നത് ?
4. കുറിപ്പെഴുതുക: കൃഷ്ണനാട്ടം
5. കഥകളിയിലെ ചതുർവിധാഭിനയങ്ങൾ ഏതെല്ലാം?
6. നളന് ഉദ്യാനസന്ദർശനം എപ്രകാരമാണ് അനുഭവപ്പെട്ടത്?
7. തുള്ളൽ പ്രസ്ഥാനത്തിൻറ ഉത്ഭവം സംബന്ധിച്ച ഐതിഹ്യമെന്ത്?
8. "അച്ചിക്കു ദാസ്യവൃത്തിചെയ്യുന്നവൻ കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടേണം"-സന്ദർഭസാരസ്യങ്ങൾ വിശദമാക്കുക.
9. ബർടോൾഡ് ബ്രഹ്തിൻറെ അന്യവത്കരണസിദ്ധാന്തം പരിചയപ്പെടുത്തുക.
10. "മരണം ഒരു ഫലിതമാണ്. പ്രത്യേകിച്ചും അവനവൻറെ മരണം" - സന്ദർഭവും ആശയവും വ്യക്തമാക്കുക.
11. മാർത്താണ്ഡവർമ്മയ്ക്കു ശേഷമുള്ള മലയാളസിനിമയുടെ ഗതിവിഗതികളെ കാര്യമായി സ്വാധീനിച്ച ഘടകങ്ങൾ എന്തെല്ലാം ?
12. ഇന്ത്യൻ പീപ്പിൾസ് തിയറ്റർ അസോസ്സിയേഷൻ നാടകപ്രവർത്തനങ്ങൾ സിനിമയിൽ ഉണ്ടാക്കിയ പരിവർത്തനങ്ങൾ എന്തെല്ലാം?

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.*

13. സംസ്കൃതനാടക പാരമ്പര്യത്തിൻറെ പ്രധാന സവിശേഷതകൾ ചുരുക്കിയെഴുതുക.
14. നളചരിതം ആട്ടക്കഥയിലെ ഏറ്റവും മനോഹാരിതമായ ഭാഗമാണ് ഹംസ-ദമയന്തീ സംവാദം - വിലയിരുത്തുക.
15. " അയ്യോ ഗുണവും അനവധി ദോഷമായിതു " - ഈ പരിദേവനത്തിനു കാരണമായ സാഹചര്യങ്ങൾ വിവരിക്കുക .
16. തുള്ളൽ കലാരൂപത്തിന്റെ ഉദ്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യം ചുരുക്കി പ്രതിപാദിക്കുക .
17. ഗന്ധമാദന പർവ്വതത്തെ കവി ചിത്രീകരിക്കുന്നതെങ്ങനെ?
18. യാഥാർത്ഥ്യവും കൽപ്പനയും ഇഴപിരിഞ്ഞുകിടക്കുന്ന രചനാതന്ത്രമാണ് ക്രൈം നാടകത്തിൻറെ സവിശേഷത- വിലയിരുത്തുക
19. "പക്ഷേ നിന്നെ സംബന്ധിച്ചിടത്തോളം അതൊരു നിസ്സാര സംഭവമാണ്. ഒരു വെറും ഫലിതം " - ഫലിതമേത്? വിശദമാക്കുക.
20. ചലച്ചിത്രകാരൻ എന്ന നിലയിൽ എം. ടി യെ പരിചയപ്പെടുത്തുക
21. 'ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രചാരം സിനിമയെന്ന മാധ്യമത്തെ അടിസ്ഥാനപരമായി മാറ്റി മറിച്ചു ' - വ്യാഖ്യാനിക്കുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം.*

22. "കാളിദാസരചനയിൽ പ്രകൃതിയും ഒരു കഥാപാത്രമാണ് "- വിശദമാക്കുക.
23. നളചരിതത്തെ ആധാരമാക്കി ഉണ്ണായി വാര്യരുടെ കഥാപാത്രസൃഷ്ടി , വർണനാ പാടവം എന്നിവ വിശകലനം ചെയ്യുക.
24. കുഞ്ചൻ നമ്പ്യാരുടെ സാമൂഹികവിമർശനം, വർണ്ണനാപാടവം, ഹാസ്യചാതുരി എന്നിവയെ അടിസ്ഥാനമാക്കി കല്യാണസൗഗന്ധികം തുള്ളലിനെ വിലയിരുത്തുക.
25. ക്രൈം നാടകത്തിലെ കഥാപാത്രങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

(2×15=30)